


# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
ഓഗസ്റ്റ് 25


## ഏലിയാ സ്ലീവ മൂശെ ഒന്നാം ഞായർ



# ആ വെളിച്ചം അവനിലുണ്ടായിരുന്നു!

**പുറ 34:28–35; 2 ദിന 5:11–14; 1 കോറി 15:35–50; മർക്കോ 9:2–13**

'നമ്മൾ ഇവിടെ ആയിരിക്കുന്നത് നല്ലതാണ്.' ആരായാലും പറഞ്ഞു പോകും. സ്വർഗം ഭൂമിയിൽ ഇറങ്ങിവന്ന പോലൊരു കാഴ്ച കണ്ടാൽ ഇങ്ങനെ യൊക്കെ ചിന്തിയ്ക്കാതിരിയ്ക്കുന്ന തെങ്ങനെ? മനുഷ്യൻ അങ്ങനെയാണ്. സുഖം തരുന്ന ഇടങ്ങളിൽ ആയിരിക്കുകയെന്നത് അവൻ എന്നും കൊതിക്കുന്ന ഒന്നല്ലേ. കടലോരത്തു വസിക്കുന്നവന് മലയും മലമ്പ്രദേശത്തു നിന്ന് വരുന്നവന് കടലും എന്നും കൗതുകമുണർത്തുന്ന ഒന്നാണല്ലോ. തികച്ചും മാനുഷികം. ഇക്കരെ നിൽക്കുമ്പോൾ അക്കരെപ്പച്ച എന്ന് പറഞ്ഞു നിസ്സാരവൽക്കരിയ്ക്കരുത് അതിനെ. അന്നന്നുള്ള കഷ്ടതകൾ ഒരുവൻ സഹിക്കുന്നത് ഒരുദിവസം ഇതൊക്കെ അവസാനിക്കും, 'എനിയ്ക്കും ഒരു കാലം വരും' എന്ന പ്രതീക്ഷയിലല്ലേ. ചിലർ ആ ദിവസത്തിലേയ്ക്ക് പെട്ടെന്നടുക്കും, ചിലർക്ക് വൈകും, ചിലർ അത് കാണാതെ മറയും. ജീവിതം അങ്ങനെയൊക്കെയാണ്. പത്രോസ് ശ്ലീഹ ഇവിടെ എന്തൊക്കെയോ വിളിച്ചുപറയുന്നത് അവിചാരിതമായി കണ്ട ദൈവമഹത്വത്തിൽ സ്വയം മറന്നാണ്. ഇനിയങ്ങോട്ട് ഇങ്ങനെ യാണ്, തന്റെ ഗുരു ഇനി രാജാവാണ് എന്നൊക്കെ ധരിച്ചുപോയിട്ടു ണ്ടാവണം, പാവം.

രൂപാന്തരീകരണത്തിന് മുൻപുള്ള ദിവസങ്ങളിൽ തനിക്ക് ഉണ്ടാ കാൻ പോകുന്ന സഹനമരണങ്ങളെ ക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചൊക്കെ അവൻ ശിഷ്യരോട് പറയുന്നുണ്ടാ യിരുന്നു. തന്നെ അനുഗമിക്കുന്നവർ വലിയ വില കൊടുക്കേണ്ടി വരുമെന്നും ഈശോ ഓർമപ്പെടുത്തുന്നുണ്ട്. തന്റെ സഹനമരണങ്ങൾക്ക് ശേഷം അവർക്ക് വരാനിരിക്കുന്ന പീഡകളെക്കുറിച്ചും അവൻ അവരെ ഉത്ബോധിപ്പിക്കുന്നു. അതേക്കുറി ച്ചെല്ലാം ആകുലപ്പെട്ടിരുന്ന അവസരത്തിലാണ് ക്രിസ്തു തന്റെ മഹത്വ പൂർണമായ രൂപം മൂന്ന് ശിഷ്യർക്ക് കാണിച്ചുകൊടുക്കുന്നത്.




സനു തെറ്റയിൽ, മേയ്ക്കാട്

അത് ആ സമയത്തെ അനിവാര്യത യായിരുന്നു. വരാനിരിക്കുന്ന സഹന ത്തേക്കുറിച്ചുള്ള ആകുലതയ്ക്ക് തെല്ലാ ശ്വാസം കൊടുക്കാൻ, പ്രതീക്ഷ കൈ വിടാതിരിയ്ക്കാൻ വിശ്വാസം വർധിപ്പിയ് ക്കാൻ അതവരെ ഒരുപാട് സഹായിച്ചി ട്ടുണ്ടാകും. പക്ഷെ സംഭവിച്ചത് മറിച്ചാണ്. സഹനമരണങ്ങളെക്കുറി ച്ചൊക്കെ അവരങ്ങു മറന്നു. മഹിമയുടെ ശോഭയിൽ മയങ്ങിപ്പോയി.

ചില വസ്തുതകൾ ഇവിടെ നാം ധ്യാനിക്കേണ്ടതായുണ്ട്.

## മലമുകൾ

വേദപുസ്തകത്തിൽ മലകളും കുന്നുകളും വെളിപാടിന്റെ ഇടങ്ങ ളാണ്. അവിടെയാണ് മനുഷ്യൻ ദൈവ സ്വരം ശ്രവിയ്ക്കാറുള്ളത്. ക്രിസ്തു എത്രയോ വട്ടം ഏകനായി മലമുകളിൽ പോയി പ്രാർത്ഥിയ്ക്കുന്നതായി നാം സുവിശേഷങ്ങളിൽ കാണുന്നു! അഞ്ഞൂറ്റി എഴുപതു പ്രാവശ്യം വിശുദ്ധഗ്രന്ഥത്തിൽ മലകൾ പരാമർ ശിയ്ക്കപ്പെടുന്നുണ്ടെന്നാണ് കണക്ക്. നോഹയുടെ പെട്ടകം ഉറച്ച അറാറാത്ത് പർവതം മുതൽ മോറിയ, സീനായ്, കാർമൽ, താബോർ, ഒലിവ് എന്നി ങ്ങനെ പല മലകളും ഇതിൽപ്പെടുന്നു. ഇവിടങ്ങളിലൊക്കെ വളരെ പ്രധാന പ്പെട്ട ചില സംഭവങ്ങൾ നടക്കുന്ന തായും ബൈബിൾ സാക്ഷ്യപ്പെടു ത്തുന്നുണ്ട്. ഇതൊക്കെ നമ്മോട് പറയുന്നത്, ദൈവമനുഷ്യ ബന്ധ ത്തിന്റെ ഒരിടമാണ് മലമുകൾ എന്നുതന്നെയാണ്. ഇവിടെ ക്രിസ്തു തനിയ്ക്ക് 'പ്രിയപ്പെട്ടവരെ' മലമുകളിൽ കൊണ്ടുപോവുക എന്നു വച്ചാൽ ദൈവത്തെ ദർശിയ്ക്കാൻ കൂടെക്കൂട്ടുക എന്നുതന്നെയർത്ഥം.

## രൂപാന്തരീകരണം

രൂപാന്തരപ്പെടുക എന്നുവച്ചാൽ സമൂലമായ ഒരു മാറ്റമെന്നർത്ഥം. പക്ഷെ സത്ത മാറുന്നുമില്ല. അവിടെ ക്രിസ്തു മാറുന്നില്ല. മറിച്ച് അവന്റെ രൂപം മാറി തേജസ്സുള്ള ദൈവിക ഭാവം കൈവരുന്നു. അപ്പോൾ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിയ്ക്കപ്പെട്ട നമുക്ക് ആ ദിവ്യതേജസ്സിന്റെ അല്പം സാധ്യത ഉള്ളിൽ ഉണ്ടാവാനിടയുണ്ട്. അപാര മായ സാധ്യതയുള്ളവനാണ് മനുഷ്യൻ എന്നൊരു പാഠം കൂടിയുണ്ടിവിടെ. ഉള്ളിൽ കനലുള്ളവരാണ് നമ്മൾ. അത് കെടുത്തണോ അതോ കരുതിവയ് ക്കണോ എന്നത് അവനവന്റെ തീരുമാനമാണ്. ക്രിസ്തുവിൽ ആ കനൽ ഒരിക്കലും കെട്ടിട്ടില്ല എന്നതിന്റെ തെളിവാണ് അവന്റെ ഓരോ പ്രവർത്തി യും. നമ്മുടെ കനലുകൾ വെളിച്ചമായി മാറുന്നുണ്ടോ അതോ കെട്ടടങ്ങി ചാരമായി മാറിയോ എന്ന ചോദ്യം അവ ശേഷിയ്ക്കുന്നു. ആത്മപരിശോധന ചെയ്യേണ്ടതുണ്ട്. സങ്കീർണമായ ചില സാഹചര്യങ്ങളിൽ എന്റെ ഒരു തീരു മാനമോ അഭിപ്രായമോ ഒരുപക്ഷെ എന്നെ കൂടുതൽ പ്രകാശമുള്ളവനാക്കി മാറ്റുന്നുണ്ടെങ്കിൽ ഞാനും ക്രിസ്തു വിന്റെ ഛായയുള്ളവനാകുന്നുണ്ട്.

## ദൈവിക മഹത്വം

ദൈവിക മഹത്വം ശിഷ്യർ ദർശിയ്ക്കുന്ന വചനഭാഗമാണിത്. വേദഗ്രന്ഥത്തിൽ വെളിച്ചം ദൈവിക മഹത്വത്തെ സൂചിപ്പിയ്ക്കുന്നു. ഇവിടെ ദൈവമായ ക്രിസ്തുവിന്റെ ദിവ്യശോഭ മൂടുപടം മാറ്റി പുറത്തു വരുന്നു. പഴയ നിയമത്തിൽ മോശ മലമുകളിൽ കണ്ട വെളിച്ചം, എരിയുന്ന തീയിൽ കത്തി ചാമ്പലാവാത്ത ചെടി, ഇടിമുഴക്ക ത്തിന്റെ ശബ്ദം ഇവയൊക്കെ പലവട്ടം വിശുദ്ധഗ്രന്ഥത്തിൽ ദൈവത്തിന്റെ മഹത്വം വെളിവാക്കുന്ന സന്ദർഭങ്ങ ളാണ്. (പുറപ്പാട് 19:16-19, നിയ 4:12, സങ്കീ 18:13, വെളിപാട് 4:5)

## മോശയും ഏലിയായും

രൂപാന്തരീകരണ വേളയിൽ ശിഷ്യർ ക്രിസ്തുവിന്റെ കൂടെ വേറെ രണ്ടുപേരെ കാണുന്നു, മോശയും ഏലിയായും. കർത്താവിന്റെ നിയമം മനുഷ്യരിൽ എത്തിച്ചയാളാണ് മോശ യെങ്കിൽ ഏലിയയാവട്ടെ ദൈവത്തെ ക്കുറിച്ചുള്ള തീക്ഷ്ണതയിൽ ജ്വലിച്ച, പ്രവാചകന്മാരിൽ പ്രമുഖനായ വ്യക്തി കൂടിയാണ്. അതായത് നിയമവും പ്രവാചകന്മാരും സന്ധിയ്ക്കുന്ന ബിന്ദുവാണ് ക്രിസ്തുവെന്ന് സാരം. ഇവർ ഇരുവരും ദൈവീക ദർശനത്തിന് ശേഷവും ജീവിച്ചിരുന്നവരാണെന്ന കാര്യവും വിസ്മരിക്കരുത്. മാത്രവുമല്ല, 'ഇവൻ എന്റെ പ്രിയ പുത്രൻ' എന്ന വലിയൊരു സ്വരം വീണ്ടും കേൾ ക്കുന്നു. ക്രിസ്തുവിന്റെ മാമോദീസ യിൽ കേട്ട അതേ ദൈവസ്വരം. അതിന് ശേഷം മോശയെയും ഏലിയായെയും കാണാതാകുന്നു. ക്രിസ്തുമാത്രം അവശേഷിയ്ക്കുന്നു. ഇതിനർത്ഥം, പ്രവാചകന്മാരെല്ലാം അവന് വഴിയൊരു ക്കാൻ വന്ന വരാണെന്നും നിയമ ത്തിന്റെ പൂർത്തീകരണം അവനിലാ ണെന്നുമല്ലേ! മറ്റൊന്നുകൂടിയുണ്ട്. സൂര്യവെളിച്ചത്തിൽ ചന്ദ്രൻ മറയുന്നപോലെ ക്രിസ്തുവിന്റെ ശോഭയിൽ മോശയും ഏലിയായും മറഞ്ഞുപോ കുന്നതുമാകാം.

## ആരോടും പറയരുത്!

രൂപാന്തരീകരണത്തിന് ശേഷം, താൻ മരിച്ചവരിൽ നിന്നും ഉയിർക്കു ന്നതുവരെ നടന്ന കാര്യങ്ങൾ ആരോടും പറയരുതെന്ന് ക്രിസ്തു ശിഷ്യന്മാരെ ഉപദേശിക്കുന്നുണ്ട്. കാരണം, ക്രിസ്തുവിന്റെ പീഡാസഹനമരണ ങ്ങളോട് ചേർന്ന് മാത്രമേ ഉയിർപ്പിന്റെ അർത്ഥം മനസ്സിലാക്കാനാവൂ. വരാനിരിക്കുന്ന ദൈവരാജ്യത്തെ പ്രതീക്ഷിച്ചുള്ള ഒരു പുതിയ ജീവിതത്തിന് അർത്ഥം നൽകുന്നത് കുരിശിന്റെ വഴിയാണ്. മഹത്വങ്ങളിൽ മയങ്ങിക്കഴിയേണ്ടതല്ല ശിഷ്യത്വ ത്തിന്റെ വിളി എന്ന് പറയാതെ പറയുക യാണിവിടെ. മഹത്വം ക്രമേണ മനുഷ്യന് വന്നുചേരേണ്ട ഒന്നാണെന്നു സാരം.

സഹനമില്ലാതെ വിജയമില്ല, കുരിശില്ലാതെ ഉയിർപ്പില്ല. സൂര്യൻ ശോഭിക്കുന്നത് നാം കാണുന്നുണ്ട്. എത്ര കൊടും ചൂടിൽ ഉള്ളുരുകു ന്നുണ്ടെന്ന് കൂടി കാണണം. അഗ്നിശുദ്ധി വരുത്തിയ ആഭരണ ങ്ങൾക്ക് മാറ്റുകൂടുന്നത് പോലെ സഹനങ്ങൾ നമ്മെ ശുദ്ധീകരിക്കട്ടെ, ക്രിസ് തുവാകുന്ന ആ മഹാശോഭയിൽ ചെന്ന് ചേരുമെന്ന പ്രത്യാശയിൽ നമ്മുടെ കുരിശുകളെ

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com